ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നമ്പർ: ബി2/162/2021/സിഇ തീയതി : 16/06/2022**

| | |
|---|---|
| വിഷയം :- | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം- ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. |
| പരാമർശം :- | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ 01/10/2021 തീയതി അടിസ്ഥാനമാക്കിയുള്ള അന്തിമ ഗ്രഡേഷൻ ലിസ്റ്റ്. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കരുനാഗപ്പള്ളി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. മധുസൂദനൻ നായർ, തോട്ടപ്പള്ളി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. കെ.ഒ. മാത്യു എന്നിവർ പ്രായപൂർത്തി പെൻഷനിൽ വിരമിച്ചത് വഴി ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ ഏറ്റവും സീനിയറായവർക്ക് സ്ഥാനക്കയറ്റം നൽകിയാണ് ടി ഒഴിവുകൾ നികത്തേണ്ടത്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ ശ്രീ. സി.ജെ. എബ്രഹാം ശൂന്യവേതനാവധിയിൽ തുടരുന്നതിനാൽ പുതിയാപ്പ സബ് ഡിവിഷനു കീഴിലെ ചോമ്പാൽ സെക്ഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. പ്രകാശൻ. കെ.എം, ചെല്ലാനം സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി. ആശാമോൾ. ആർ എന്നിവർക്കാണ് സ്ഥാനക്കയറ്റത്തിന് അർഹത. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ ഏറ്റവും സീനിയറും ഹാർബർ എഞ്ചിനീയറിംഗ് പുതിയാപ്പ സബ് ഡിവിഷനു കീഴിലെ ചോമ്പാൽ സെക്ഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനുമായ ശ്രീ പ്രകാശൻ. കെ.എം നെ 37400-79,000/- രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അഴീക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ അടുത്ത സീനിയറും ഹാർബർ എഞ്ചിനീയറിംഗ് ചെല്ലാനം സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനുമായ ശ്രീമതി. ആശാമോൾ. ആർ നെ 37400-79000/- രൂപ ശമ്പള

സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ചെല്ലാനം സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

മേൽ ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

പകർപ്പ് :-

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല /ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ എറണാകുളം/കോഴിക്കോട്.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ പുതിയാപ്പ/ചെല്ലാനം.
   (ടി ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുമ്പോൾ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ഏത് ക്വാട്ടയിൽ തുടരാൻ ആഗ്രഹിക്കുന്നു എന്നത് സംബന്ധിച്ച ഓപ്ഷൻ വാങ്ങി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്)
4. ചീഫ് എഞ്ചിനീയറുടെ സി.എ
5. ഐ.റ്റി സെൽ
6. ഈ കാര്യാലയത്തിലെ ബി3, ബി4 സെക്ഷനുകൾക്ക്
7. സ്റ്റോക്ക് ഫയലിലേക്ക്.

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T5/vi



IT cell 42